"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യ‍ൂ വകുപ്പ് - ഇടുക്കി ജില്ലയിൽ, ഉടുമ്പൻചോല താലൂക്കിൽ, പാറത്തോട് വില്ലേജിൽ, നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവ്വെ ബ്ലോക്ക് 48 ൽ സർവ്വെ നമ്പർ 240/2 pt ൽ ഉൾപ്പെട്ട 0.0112 ഹെക്ടർ ഭൂമി ഹോർട്ടികോർപ്പ് സ്റ്റാൾ നിർമ്മിക്കുന്നതിനായി പ്രതിവർഷം ആർ ഒന്നിന് 100/- രൂപ പാട്ടനിരക്കിൽ ഹോർട്ടികോർപ്പിന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യ‍ൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.125/2025/RD തീയതി,തിരുവനന്തപുരം, 09-05-2025

---

പരാമർശം:-

1. സ.ഉ(കൈ)നം.280/2011/റവ. തീയതി 27.07.2011.
2. ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറുടെ 14.12.2017 ലെ 5190/പി/17/എച്ച്പിഡിസി/1975 നം കത്ത്.
3. ലാന്റ് റവന്യ‍ൂ കമ്മീഷണറുടെ 01.11.2023, 05.02.2025 തീയതികളിലെ LR/1500/2021-LR(J1) നം കത്ത്.
4. ഇടുക്കി ജില്ലാ കളക്ടറുടെ 06.01.2025 ലെ DCIDK/1386/2018-C13 നം കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ, ഉടുമ്പൻചോല താലൂക്കിൽ, നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാൾ പ്രവർത്തിച്ചുവരുന്നത് വാടകകെട്ടിടത്തിലായതിനാൽ പ്രസ്തുത പഞ്ചായത്തിൽ നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്കിനോട് ചേർന്ന് പാറത്തോട് 2.5 സെന്റ് ഭൂമി അനുവദിച്ചു നൽകുന്നതിലേക്ക് ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. തുടർന്ന്, ഇടുക്കി ജില്ലയിൽ, ഉടുമ്പൻചോല താലൂക്കിൽ, പാറത്തോട് വില്ലേജിൽ, നെടുങ്കണ്ടം കരയിൽ, കച്ചേരി സെറ്റിൽമെന്റിൽ റീസർവ്വെ ബ്ലോക്ക് 48 ൽ സർവ്വെ നമ്പർ 240/2 pt ൽ പ്പെട്ട 0.0112 ഹെക്ടർ ഭൂമി സ്റ്റാൾ തുടങ്ങുന്നതിലേയ്ക്കായി ഹോർട്ടികോർപ്പിന് പാട്ടത്തിന് അനുവദിക്കുന്നതിനായി ലാന്റ് റവന്യ‍ൂ കമ്മീഷണർ പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഭൂമിയുടെ കമ്പോളവില ആർ ഒന്നിന് 13,20,000/- രൂപ എന്ന് കണക്കാക്കാവുന്നതാണെന്നും 0.0112 ഹെക്ടർ വസ്തുവിന് പ്രതിവർഷം 32,599/- രൂപ പാട്ടത്തുക നിശ്ചയിച്ച് ഉത്തരവ് നൽകാവുന്നതായും ലാന്റ് റവന്യ‍ൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ, ഉടുമ്പൻചോല താലൂക്കിൽ, പാറത്തോട് വില്ലേജിൽ, നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവെ ബ്ലോക്ക് 48 ൽ സർവെ നമ്പർ 240/2 pt ൽ ഉൾപ്പെട്ട 0.0112 ഹെക്ടർ ഭൂമി ഹോർട്ടികോർപ്പ് സ്റ്റാൾ നിർമ്മിക്കുന്നതിനായി പ്രതിവർഷം ആർ ഒന്നിന് 100/- രൂപ (നൂറ് രൂപാ മാത്രം) പാട്ടനിരക്കിൽ ഹോർട്ടികോർപ്പിന് 10 വർഷത്തേയ്ക്ക് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ്.

vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യു അധികാരികളുടെ മുൻകൂർ

അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

vii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്ന മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

4. ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ ഇടുക്കി ജില്ലാ കളക്ടർ സ്വീകരിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം.
2.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
3.ജില്ലാ കളക്ടർ, ഇടുക്കി.
4.മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്, തിരുവനന്തപുരം.
5.കൃഷി വകുപ്പ് (AGRI-PU1/15/2024, dated 18.03.2024).
6.ധനകാര്യ വകുപ്പ്(E-2750632/EXP-D3/36/2024-FIN, dated 30.09.2024).
7.പൊതുഭരണ(എസ്.സി) വകുപ്പ്(ഇനം നം.2899, തീയതി 07.05.2025)
8.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ്&ന്യൂ മീഡിയ).
9.കരുതൽ ഫയൽ (എ2/127/2018/റവ.)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
സെക്ഷൻ ഓഫീസർ
Date: 09-05-2025 17:10:32

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-05-2025

ഫയൽ നം. എ2/127/2018/റവ. ഇനം നം: 2899

വിഷയം : റവന്യൂ വകുപ്പ് - ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവ്വെ ബ്ലോക്ക് 48-ൽ സർവ്വെ നമ്പർ 240/2 pt-ൽപ്പെട്ട 0.0112 ഹെക്ടർ ഭൂമി ഹോർട്ടികോർപ്പ് സ്റ്റാൾ നിർമ്മിക്കുന്നതിനായി പ്രതിവർഷം 29,568/- രൂപ പാട്ടനിരക്കിൽ ഹോർട്ടികോർപ്പിന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത്.

തീരുമാനം : സൗജന്യ പാട്ടനിരക്കിൽ ഭൂമി അനുവദിക്കാമെന്ന ഭേദഗതിയോടെ കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

2899

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | എ 2/127/2018/റവ. |
| 2. | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവെ ബ്ലോക്ക് 48 ൽ സർവെ നമ്പർ 240/2 pt ൽ പ്പെട്ട 0.0112 ഹെക്ടർ ഭൂമി ഹോർട്ടികോർപ്പ് സ്റ്റാൾ നിർമ്മിക്കുന്നതിനായി പ്രതിവർഷം 29,568/- രൂപ പാട്ടനിരക്കിൽ ഹോർട്ടികോർപ്പിന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/03/2025 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, കൃഷി വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സ്നേഹലത കെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.ആർ.ജ്യോതിലാൽ |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/04/2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/04/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജൻ |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25/04/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 28/04/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവെ ബ്ലോക്ക് 48 ൽ സർവെ നമ്പർ 240/2 pt ൽ പ്പെട്ട 0.0112 ഹെക്ടർ ഭൂമി ഹോർട്ടികോർപ്പ് സ്റ്റാൾ നിർമ്മിക്കുന്നതിനായി പ്രതിവർഷം 29,568/- രൂപ പാട്ടനിരക്കിൽ നിബന്ധനകൾക്ക് വിധേയമായി ഹോർട്ടികോർപ്പിന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ നെടുങ്കണ്ടം ഗ്രാമപഞ്ചായത്തിൽ ഹോർട്ടികോർപ്പിന്റെ സ്വന്തം സ്റ്റാൾ പ്രവർത്തിച്ചുവരുന്നത് വാടകകെട്ടിടത്തിലായതിനാൽ പ്രസ്തുത പഞ്ചായത്തിൽ നെടുങ്കണ്ടം സർവ്വീസ് സഹകരണ ബാങ്കിനോട് ചേർന്ന് പാറത്തോട് 2.5 സെന്റ് ഭൂമി അനുവദിച്ചു നൽകുന്നതിലേക്ക് ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവെ ബ്ലോക്ക് 48 ൽ സർവെ നമ്പർ 240/2 pt ൽ പ്പെട്ട 0.0112 ഹെക്ടർ ഭൂമി സ്റ്റാൾ തുടങ്ങുന്നതിലേയ്ക്കായി ഹോർട്ടികോർപ്പിന് പാട്ടത്തിന് അനുവദിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. ടി സ്ഥലം നെടുങ്കണ്ടം കിഴക്കേ കവലയിൽ കുമളി മൂന്നാർ സംസ്ഥാന പാതയോട് ചേർന്ന് ടി റോഡിന്റെ വടക്ക് വശത്ത് മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ബി.എഡ് കോളേജിന് സമീപം ഇൻഡ്യൻ ഓയിൽ പെട്രോൾ ബങ്ക് ഉൾപ്പെടെയുള്ള ഭാഗമായി കാണുന്നതായും ടി ഭൂമി Commercially important എന്ന വിഭാഗത്തിൽപ്പെട്ടതായി കണക്കാക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. പ്രസ്തുത ഭൂമിയുടെ കമ്പോളവില ആർ ഒന്നിന് 13,20,000/- രൂപ എന്ന് കണക്കാക്കാവുന്നതാണെന്നും 0.0112 ഹെക്ടർ വസ്തുവിന് പ്രതിവർഷം 32,599/- രൂപ പാട്ടത്തുക നിശ്ചയിച്ച് ഉത്തരവ് നൽകാവുന്നതായും ലാന്റ് റവന്യൂ കമ്മീഷണർ ശിപാർശ ചെയ്തിരുന്നു.

4. ഇക്കാര്യത്തിൽ കൃഷി വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"പാറത്തോട് വില്ലേജിൽ നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവെ ബ്ലോക്ക് 48 ൽ സർവെ നമ്പർ 240/2 pt ൽ പ്പെട്ട 0.0112 ഹെക്ടർ വസ്തു ഹോർട്ടികോർപ്പ് സ്റ്റാൾ നിർമ്മിക്കുന്നതിനായി പ്രതിവർഷം 29,568/- രൂപ പാട്ടനിരക്കിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഹോർട്ടികോർപ്പിന് 30 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നത് സംബന്ധിച്ച റവന്യൂ വകുപ്പിന്റെ നിർദ്ദേശത്തോട് ഈ വകുപ്പ് യോജിക്കുന്നു.

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവു .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി പാട്ടത്തിനു / ഉപപാട്ടത്തിനു / തറവാടകയ്ക്ക് നല്കുവാൻ പാടില്ല

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ് .

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഓരോ മൂന്നു വർഷം കൂടും തോറും പാട്ടം പുതുക്കേണ്ടതാണ് .

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യു അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളു . കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ , മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

ഇതിന് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അംഗീകാരമുള്ളതാണ്."

5. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

" പാറത്തോട് വില്ലേജിൽ നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവെ ബ്ലോക്ക് 48 ൽ സർവെ നമ്പർ 240/2 pt ൽ പ്പെട്ട 0.0112 ഹെക്ടർ വസ്തു ഹോർട്ടികോർപ്പ് സ്റ്റാൾ നിർമ്മിക്കുന്നതിനായി പ്രതിവർഷം 29,568/- രൂപ പാട്ടനിരക്കിൽ പാട്ടത്തുക കണക്കാക്കി സ്ഥിരം പാട്ട വ്യവസ്ഥകൾക്ക് വിധേയമായി ഹോർട്ടികോർപ്പിന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നതിനോട് ധനവകുപ്പ് യോജിയ്ക്കുന്നു. കൂടാതെ ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് മറ്റ് എവിടെയെങ്കിലും ഭൂമി പാട്ടത്തിന് അനുവദിച്ചിട്ടുണ്ടെങ്കിൽ പാട്ടതുക അടയ്ക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടില്ല എന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രമേ നിലവിലെ ശുപാർശ പ്രകാരം ഭൂമി പാട്ടത്തിന് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാൻ പാടുള്ളൂവെന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."

6. ആലപ്പുഴ, എറണാകുളം ജില്ലകളിൽ ഹോർട്ടികോർപ്പ് പാട്ടക്കുടിശ്ശിക ഒടുക്ക് വരുത്തിയിട്ടില്ലാത്തതാണെന്ന് ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

7. തുടർന്ന് ആലപ്പുഴ, എറണാകുളം ജില്ലകളിൽ നിലവിലുള്ള പാട്ടക്കുടിശ്ശിക ഒടുക്കു വരുത്തിയ ശേഷം ഇടുക്കി ജില്ലയിൽ പുതുതായി പാട്ടത്തിന് അപേക്ഷിക്കുവാൻ ഹോർട്ടി കോർപ്പ് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണെന്ന് റവന്യൂ വകുപ്പ് മന്ത്രി നിർദ്ദേശിക്കുകയും തുടർന്ന് ഇക്കാര്യം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## <u>തീരുമാനിക്കേണ്ട വിഷയം</u>

ധനകാര്യ വകുപ്പിന്റെ അഭിപ്രായം മറികടന്നുകൊണ്ട്, ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിൽ പാറത്തോട് വില്ലേജിൽ നെടുങ്കണ്ടം കരയിൽ കച്ചേരി സെറ്റിൽമെന്റിൽ റീസർവെ ബ്ലോക്ക് 48 ൽ സർവെ നമ്പർ 240/2 pt ൽ പ്പെട്ട 0.0112 ഹെക്ടർ ഭൂമി ഹോർട്ടികോർപ്പ് സ്റ്റാൾ നിർമ്മിക്കുന്നതിനായി പ്രതിവർഷം 29,568/- രൂപ പാട്ടനിരക്കിൽ ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഹോർട്ടികോർപ്പിന് 10 വർഷത്തേയ്ക്ക് പാട്ടത്തിന് അനുവദിക്കാമോ?

<u>നിബന്ധനകൾ</u>

i) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ .

ii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iii) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഓരോ മൂന്നു വർഷം കൂടും തോറും പാട്ടം പുതുക്കേണ്ടതാണ് .

vii) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ് .

viii) പാട്ടത്തുക എല്ലാ സാമ്പത്തിക വർഷത്തിന്റെയും ആദ്യ മൂന്നു മാസത്തിനുള്ളിൽ തന്നെ ഒടുക്കേണ്ടതാണ്. പാട്ട വസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നല്കേണ്ടതാണ് .

ix) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .